LIBRARY ARCHIVES Kerala Legislative Assembly

ഐ.എ.വൈ. (ഇന്ദിര ആവാസ് യോജന)

7 (1478) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഐ.എ.വൈ. പദ്ധതി പ്രകാരം അമ്പലപ്പുഴ ബ്ലോക്കിൽ എത്ര ഗുണഭോക്താക്കൾക്കാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വീടുകൾ അനുവദിച്ചിട്ടുള്ളത്;

(ബി) ധനസഹായം അനുവദിച്ചവർക്ക് വിതരണം ചെയ്യാനുള്ള തുകയിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ ;

(സി) ധനസഹായം യഥാസമയം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചുമതല ഏത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിനാണ്; പദ്ധതി നടപ്പാക്കിയ വകയിൽ പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് സർക്കാർ വിഹിതം നൽകാറുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഇ) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള ധനസഹായത്തിനായി ഹഡ്കോയെ സമീപിച്ചിരുന്നോ; എങ്കിൽ ധനസഹായം ലഭ്യമായോ; എത്ര തുകയുടെ ധനസഹായമാണ് ഹഡ്കോയോട് ആവശ്യപ്പെട്ടിട്ടുള്ളത്; പ്രസ്തുത ധനസഹായത്തിന് ഹഡ്കോ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;.

(എഫ്) മുൻ വർഷങ്ങളിലെ കുടിശ്ശിക തീർപ്പാക്കുന്നതിനാണോ പുതിയ പദ്ധതി നടപ്പിലാക്കുന്നതിനാണോ ഹഡ്കോ ധനസഹായം വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അമ്പലപ്പുഴ ബ്ലോക്കിൽ നിന്നും ഇന്ദിര ആവാസ് യോജന പ്രകാരം അനുവദിച്ച് നൽകിയിട്ടുള്ള വീടുകളുടെ എണ്ണം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

1354/2017

വർഷം	അനുവദിച്ച വീടുകളുടെ എണ്ണം
2011-12	559
2012-13	222
2013-14	138
2014-15	184
2015-16(30-11-2015 വരെ)	190
ആകെ	1293

(ബി&സി) ഇന്ദിര ആവാസ് യോജനയുടെ യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചതുമൂലമുണ്ടായ അധിക ബാദ്ധ്യതയിൽ 2012 -13 വർഷത്തിൽ 75,000 രൂപ വീതവും 2013-14 വർഷം മുതൽ 50,000 രൂപ വീതവും സംസ്ഥാന സർക്കാർ അധിക ധനസഹായമായി നൽകുന്നുണ്ട്. ഇങ്ങനെ അധിക ധനസഹായമായി നൽകേണ്ട തുകയിലുള്ള കടിശ്ശിക തീർക്കുന്നതിനായി 500 കോടി രൂപ സംസ്ഥാന സർക്കാർ അനുവദിക്കുകയും 300 കോടി രൂപ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ തുക അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തുവരുന്നു. ബാക്കിയുള്ള 200 കോടി രൂപ ഡിസംബർ, ജനുവരി മാസങ്ങളിലായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഇന്ദിര ആവാസ് യോജന ബ്ലോക്ക് പഞ്ചായത്തുകൾ മുഖേനയാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയുടെ വിഹിതത്തിലേയ്ക്കായി സർക്കാർ വിഹിതം നൽകാറുണ്ട്. സർക്കാർ വിഹിതത്തിന് അധികമായുള്ള തുക ത്രിതല പഞ്ചായത്തുകൾ വകയിരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ആവശ്യമായ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ പ്ലാൻ ഫണ്ടിൽനിന്നും വകയിരുത്തുന്നുണ്ട്. സംസ്ഥാന സർക്കാർ അധിക ധനസഹായമായി ഗുണഭോക്താവൊന്നിന് 2012-13 വർഷം 75,000 രൂപയും 2013-14 മുതൽ 50,000 രൂപയും പ്രകാരം നൽകുന്നുണ്ട്.

(ഇ) യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചതുമൂലമുണ്ടായ ബാദ്ധ്യതയിൽ അധിക ധനസഹായമായി സർക്കാർ നൽകാനുണ്ടായിരുന്ന തുകയ്ക്കായി 650 കോടി രൂപ ഹഡ്കോയിൽ നിന്ന് വായ്പയെടുക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ടി വായ്പ ലഭ്യമാക്കാത്തതിനാൽ അധിക ധനസഹായത്തിനായി 500 കോടി രൂപ ഇപ്പോൾ അനുവദിക്കുകയാണ് ചെയ്തത്.

(എഫ്) ബാധകമല്ല

LIBRARY ARCHIVES Kerala Legislative Assembly